ഹിൽ ഹൈവേയുടെ അലൈൻമെന്റ്

7 [*124] ശ്രീ. ജോർജ് ജെ. മാത്യു:
,, ഡി. സുഗതൻ :
,, ടി. വി. ചന്ദ്രമോഹൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേയുടെ അലൈൻമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഹൈവേയുടെ നീളം എത്രയാണ് ;

(സി) നിലവിലുള്ള എത്ര കിലോമീറ്റർ റോഡ് ഹിൽ ഹൈവേയുടെ ഭാഗമായിത്തീരും;

(ഡി) പുതുതായി എത്ര കിലോമീറ്റർ റോഡ് ഹിൽ ഹൈവേയ്ക്കുവേണ്ടി നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) കാസറഗോഡ് ജില്ലയിലെ നന്ദാരപ്പടവുമുതൽ പാലക്കാട് ടൗൺ വരെയുള്ള ഹിൽ ഹൈവെയുടെ ഒന്നാംഘട്ടത്തിന്റെ അലൈൻമെന്റ് തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക പഠനങ്ങളെ ആധാരമാക്കി ഈ ഭാഗത്തിന്റെ നീളം 418.7 കി. മീ. ആയിരിക്കും. ഇതിനു പുറമെ കോഴിക്കോട് ജില്ലയ്ക്കുവേണ്ടി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ലൂപ്പ് റോഡിന്റെ ദൈർഘ്യം 111.2 കി. മീ. ആണ്.

(സി) മൊത്തം നിർണ്ണയിക്കപ്പെട്ട 529.5 കി. മീ. ഹിൽ ഹൈവേയിൽ നിലവിലുള്ള റോഡുകളുടെ ദൈർഘ്യം 489.7 കി. മീ. ആയിരിക്കും.

(ഡി) ഒന്നാംഘട്ടം പൂർത്തിയാക്കുന്നതിന് പുതിയതായി 40 കി. മീ. റോഡ് നിർമ്മിക്കേണ്ടിവരും.

അൺ എയ്ഡഡ് സ്കൂളുകളിലെ ഇന്റേണൽ അസസ്മെന്റ്

8 [*125] ശ്രീ. യു. സി. രാമൻ :
,, പി. കെ. കെ. ബാവ :
,, കെ. എൻ. എ. ഖാദർ :
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പ്രകാരം അൺ എയ്ഡഡ് സ്കൂളുകളിൽ ഇന്റേണൽ അസസ്മെന്റ് എങ്ങനെ നിർണ്ണയിക്കുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly